# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 565 — 19.03.2013-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

### പ്രതിമാസ വരവ് ചെലവ് കണക്ക് വിവരം

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ ശരാശരി ചെലവും വരവും എത്ര വീതമെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷത്തെ ആദ്യത്തെ പത്തു മാസത്തെ സംസ്ഥാനത്തിന്റെ പ്രതിമാസ ശരാശരി വരവ് (വായ്പകൾ ഉൾപ്പെടെ) 4323.85 കോടി രൂപയും പ്രതിമാസ ശരാശരി ചെലവ് 4272.37 കോടി രൂപയുമാണ്. |
| (ബി) | ഈ വർഷം വാർഷിക പദ്ധതിക്ക് വേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻ വേണ്ടി വക മാറ്റേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ അതനുസരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനും ആവർത്തന ചെലവുകളുടെ ഒരു ഭാഗം നേരിടുന്നതിനുമാണ് വായ്പകൾ (തനി) എടുക്കാറുള്ളത്. 2013 ജനുവരി 31 വരെയുള്ള കണക്കുകൾ പ്രകാരം 6320 കോടി രൂപയുടെ വായ്പകൾ എടുത്തിട്ടുണ്ട്. ഇതേകാലയള വിലുള്ള പദ്ധതി ചെലവ് 5640 കോടി രൂപയാണ്. ഈ കണക്കുകൾ പ്രകാരം, വാങ്ങിയ വായ്പകൾ ആവർത്തനചെലവുകൾ നേരിടാൻ വിനിയോഗിച്ചതായി വിലയിരുത്താനാവില്ല. |

സെക്ഷൻ ഓഫീസർ